പൂവത്തുംമൂട് കോസ്‌വേയുടെ നിർമ്മാണം

70 [3243] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളത്ത് നിന്നും ശബരിമലയ്ക്ക് തിരുവാഭരണം കൊണ്ടുപോകുന്ന കടത്ത് കടവായ റാന്നി–പെരുനാട്, പൂവത്തുംമൂട് കോസ്‌വേയുടെ നിർമ്മാണത്തിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) ഈ കോസ്‌വേയുടെ നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടും നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഈ കോസ്‌വേയ്ക്ക് ഒരു കിലോമീറ്റർ ദൂരത്തിൽ ഒരു പാലമുള്ളപ്പോൾ കോസ്‌വേ നിർമ്മാണം ഒഴിവാക്കി പാലം പണിയണമെന്ന നിർദ്ദേശത്തിന്റെ കാരണം വിശദമാക്കാമോ;

(ഡി) എന്നത്തേയ്ക്ക് കോസ്‌വേ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്;

(ഇ) കോസ്‌വേ നിർമ്മാണവുമായി ബന്ധപ്പെട്ട ഇന്നുവരെയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(എഫ്) ഇതിന്റെ നിർമ്മാണം താമസിപ്പിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ടി കോസ്‌വേയുടെ നിർമ്മാണത്തിനുവേണ്ടി രണ്ടു തവണ ടെൻഡർ ക്ഷണിക്കുകയും ഒരു തവണ കൂട്ടേഷൻ സ്വീകരിക്കുകയും ചെയ്തു. കരാറുകാർ ഉയർന്ന നിരക്കിൽ റേറ്റ് കാട്ട് ചെയ്തതിനാൽ അവയെല്ലാം നിരസിക്കേണ്ടി വന്നു.

(സി) ഭാവിയിലെ ഗതാഗത ആവശ്യങ്ങൾ കൂടി കണക്കിലെടുക്കുമ്പോൾ ഇത് അനിവാര്യമാണ്;

(ഡി) പണി ടെൻഡർ ചെയ്തിട്ടില്ലാത്തതിനാൽ ഇപ്പോൾ പറയാൻ നിർവ്വാഹമില്ല;

(ഇ ആന്റ് എഫ്) ഇക്കാര്യത്തിൽ മറ്റു വീഴ്ചകളൊന്നും സംഭവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly